**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3104** **11-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ വരുന്ന തീരദേശ ഹൈവേ ക്ലസ്റ്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; നിലവിലെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | അഴീക്കോട് മണ്ഡലത്തിൽ വരുന്ന തീരദേശ ഹൈവേ പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരികയാണ്.<br><br>• പയ്യാമ്പലം മുതൽ മീൻകുന്ന് വരെയുള്ള റീച്ചിന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സ്പെഷ്യൽ തഹസിൽദാറിന് 05-03-2025 ലെ കത്ത് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെയുള്ള ഭാഗത്തെ അതിർത്തി കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കുകയും സാമൂഹികാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അംഗീകാരത്തിനായി നൽകിയിട്ടുമുണ്ട്.<br>• ചാൽ ബീച്ച് മുതൽ അഴീക്കൽ നോർത്ത് വരെ- ഈ ഭാഗത്തെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ